13925/2023

**മിഷന് വാത്സല്യ**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷന് സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ്, വനിത ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിത ശിശു വികസന വകുപ്പ് – മിഷൻ വാത്സല്യ - പദ്ധതിയുടെ കീഴിൽ 14 ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെ പദ്ധതി മാർഗ്ഗനിർദേശ പ്രകാരം വേതനത്തിൽ 3% വർദ്ധനവിന്- തുക അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം:
1. കേന്ദ്ര സർക്കാരിന്റെ 05/07/2022 തീയതിയിലെ CW-II-22/6/2022 -CW-II നമ്പർ ഉത്തരവ്
2. കേന്ദ്ര സർക്കാർ PAB Minutes നമ്പർ CW-II - 22/28/2022 - CW-II (e-102093) തീയതി:05.07.2023
3. സ.ഉ.(സാധാ)നം.422/2023/WCDD തീയതി:11.07.2023
4. വിവിധ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ

**ഉത്തരവ് നം. DWCD/2055/2023-ICPS 4 തീയതി: 02-09-2023**

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പരാമർശം (1) പ്രകാരം 2022 ഏപ്രിൽ മുതൽ മിഷൻ വാത്സല്യ പദ്ധതി പ്രകാരമുള്ള വേതനം നൽകി വരുന്നു. പ്രസ്തുത മാർഗ്ഗനിർദേശത്തിൽ 2022 ഏപ്രിൽ മുതൽ ഒരു വർഷം പൂർത്തിയാകുന്ന ജീവനക്കാർക്ക് 3% വർധനവിന് വ്യവസ്ഥയുണ്ട്.

നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത തുകയ്ക്കുള്ള പ്രൊപ്പോസൽ കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ പ്രൊജക്റ്റ് അപ്പ്രോവൽ ബോർഡിൽ (PAB) സമർപ്പിക്കുകയും, ആയതിന് പരാമർശം (2) പ്രകാരം അനുമതിയും ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത മാർഗ്ഗനിർദേശ പ്രകാരം തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും പരാമർശം (3) പ്രകാരം ലഭ്യമായിട്ടുണ്ട്. 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെയുള്ള വർദ്ധിപ്പിച്ച വേതനം അനുവദിച്ച നൽകുന്നതിനു മേൽ പരാമർശം (4) പ്രകാരം വിവിധ ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ വിവിധ ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പ്രൊപ്പോസൽ പ്രകാരം ലഭ്യമായിട്ടുള്ളതും 2023 ഏപ്രിൽ മുതൽ 2023 ഓഗസ്റ്റ് മാസം വരെയുള്ള 3% വേതന വർധനവിന് ആവശ്യമായ 2,72,193/-രൂപ **(രണ്ട് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം)** ചുവടെ പട്ടിക പ്രകാരം അനുവദിച്ച ഉത്തരവാകുന്നു.

| Sl.No | District | Amount |
|---|---|---|
| 1 | Thiruvananthapuram | 20121 |
| 2 | Kollam | 19,700 |
| 3 | Pathanamthitta | 21,313 |
| 4 | Alappuzha | 14,202 |
| 5 | Kottayam | 15,980 |
| 6 | Idukki | 19,845 |
| 7 | Ernakulam | 16562 |

I/113925/2023

| | | |
|---|---|---|
| 8 | Thrissur | 16615 |
| 9 | Palakkad | 19782 |
| 10 | Malappuram | 19849 |
| 11 | Kozhikkode | 23148 |
| 12 | Kannur | 18978 |
| 13 | Wayanad | 25928 |
| 14 | Kasargod | 20170 |
| | Total | 2,72,193 |

ടി തുക 2,72,193/-രൂപ **(രണ്ട് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം)** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയരക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC Code.IBKL0000889 എന്ന അക്കൗണ്ടിലെ 1.27.1 DCPU സ്റ്റാഫ് സാലറി കംപോനെന്റിൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലെക്ക് അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർ തുക അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലെക്ക് ടി തുക അനുവദിക്കേണ്ടതുമാണ്.

മിഷൻ വാത്സല്യ പദ്ധതി പ്രകാരം 2022 ഏപ്രിൽ മുതൽ ഒരു വർഷം സേവനം തൃപ്തികരമായി പൂർത്തിയാക്കിയതും കരാർ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഉത്തരവാദപ്പെട്ട അധികാരസ്ഥാനാം കരാർ ദീർഘിപ്പിച്ച് നല്കിയിട്ടുള്ളതും നിയമാനുസൃതമായ കരാറിൽ ഏർപ്പെട്ട് കരാർ സേവനത്തിൽ തുടരുന്നതുമായ ജീവനക്കാർക്ക് മാത്രമാണ് തുക അനുവദിച്ച നൽകുന്നത് എന്ന് സ്ഥാപന മേധാവി ഉറപ്പ വരുത്തേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (3) സർക്കുലർ പ്രകാരം മാത്രം തുക ജീവനക്കാർക്ക് അനുവദിച്ച നൽകേണ്ടതാണ്. കൂടാതെ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**ഏപ്രിൽ 27 ന ധർണയിലും മെയ് 15ന സൂചന പണിമുടക്കിലും തുടർന്ന് ജൂൺ 1 മുതൽ 7 വരെ പണിമുടക്കിലും പങ്കെടുത്ത ജീവനക്കാർക്ക് വേതന ഇനത്തിൽ ആയതു കുറച്ചിട്ടുണ്ടെന്ന സ്ഥാപനമേധാവിമാർ ഉറപ്പുവരുത്തേണ്ടതാണ്.**

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കും

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർക്കും
3. ICPS - 10
4. സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്
5. Website

Signed by Priyanka G
Date: 02-09-2023 17:22:54